**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 139** **27-06-2022 - ൽ മറുപടിയ്ക്ക്**

**വാഴൂർ ഗവ. പ്രസ്സിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വാഴൂർ ഗവൺമെന്റ് പ്രസ്സിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പുതിയ കുഴൽ കിണർ കുഴിക്കുന്നതിനായി ഭൂഗർഭ ജലവകുപ്പ് മുഖാന്തരവും, കിണറിന്റെ ആഴം കൂട്ടുന്നതിനായി പൊതുമാമത്തു വകുപ്പ് മുഖാന്തരവും നടപടികൾ സ്വീകരിച്ചുവരുന്നു, മഴവെള്ള സംഭരണി നന്നാക്കുന്നതിന് വാഴൂർ ഗ്രാമ പഞ്ചായത്തു മുഖേന ശ്രമം നടത്തുന്നുണ്ട്. ജല ദൗർല്ലഭ്യം പരിഹരിക്കുന്നതിന് മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കിണറിന്റെ ആഴം കൂട്ടുന്നതിന് പൊതുമരാമത്തു വകുപ്പിന് നൽകിയിട്ടുണ്ട്. |
| (സി) | ഗവ. പ്രസ്സിലെ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; ക്വാർട്ടേഴ്സ് നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ; | (സി) | ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി വിശദമായ എസ്റ്റിമേറ്റ് സഹിതം സർക്കാരിൽ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ് |
| (ഡി) | ഫോം വിതരണ ഓഫീസ് പ്രസ്സിന്റെ വളരെ ഉള്ളിലായി സ്ഥിതി ചെയ്യുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കാൻ ദേശീയപാതയ്ക്ക് അഭിമുഖമായി പുതിയ സ്റ്റോർ കെട്ടിടം പണിയാൻ നടപടി സ്വീകരിക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ